IV. മുന്നൂറു വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'ജീവച്ഛവങ്ങൾ' എന്ന ചെറുകഥയ്ക്ക് ആസ്വാദനമെഴുതുക.

33. നോവൽ തിരക്കഥയാക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഉദാഹരണസഹിതം വിശദീകരിക്കുക.

34. 'കളിയച്ഛൻ' എന്ന കവിതയ്ക്ക് ആസ്വാദനം എഴുതുക.

35. നിങ്ങളുടെ നാട്ടിൽ പ്രചാരത്തിലുള്ള ഒരു നാടോടിക്കഥയെ അടിസ്ഥാനമാക്കി ലഘുനാടകമോ ചിത്രീകരണമോ തയ്യാറാക്കുക.

**(2 × 15 = 30 Marks)**

---



St. Xavier's College

(Pages : 4) **S – 2887**

**Reg. No. : ..............................**

**Name : ..................................**

**First Semester B.A. Degree Examination, January 2024**

**Career Related First Degree Programme under CBCSS**

**MALAYALAM AND MASS COMMUNICATIONS**

**Foundation Course I**

**MX 1121 : സർഗ്ഗാത്മകതയും, സാഹിത്യപഠനവും**

**(2021 Admission onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരം എഴുതുക.

1. 'കാഥികന്റെ കല' എന്ന ലേഖനം രചിച്ചതാര്?

2. പഴഞ്ചൊല്ലുകളുടെ സാംസ്കാരിക ദൗത്യമെന്ത്?

3. കലയുടെ അർത്ഥത്തെയും ആവശ്യകതയെയും കുറിച്ച് ലിയോ ടോൾസ്റ്റോയി രചിച്ച പുസ്തകമേത്?

4. സാഹിത്യകൃതികളിൽ ശീർഷകത്തിന്റെ പ്രാധാന്യമെന്ത്?

5. സാരോപദേശകഥ എന്നാലെന്ത്?

6. സാഹിത്യരചനയുടെ ഘട്ടങ്ങളെക്കുറിച്ച് ഇടശ്ശേരി രചിച്ച ലേഖനമേത്?

7. 'നാനൃഷി കവിഃ' - വിശദീകരിക്കുക.

P.T.O.

8. 'ഉയരുന്ന യവനിക' എന്ന കൃതിയുടെ സവിശേഷതയെന്ത്?

9. 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ പേരെഴുതുക.

10. 'നാടകരൂപ ചർച്ച' എന്ന കൃതിയുടെ കർത്താവാര്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസമെന്ത്?

12. വേഡ്സ്വർത്ത് കവിതയ്ക്ക് നൽകിയ നിർവചനമെന്ത്? വിശദീകരിക്കുക.

13. 'മാമ്പഴം' എന്ന വൈലോപ്പിള്ളിക്കവിത ലഘുനാടക രൂപത്തിലെഴുതുക.

14. 'ചെമ്മീൻ' എന്ന നോവലിന്റെ രചനയിൽ 'മിത്ത്' വഹിച്ച പങ്കെന്തെന്ന് വിശദീകരിക്കുക.

15. കടലാസിലേക്കു പകർത്തുന്നതിനു മുൻപുതന്നെ കഥ ഉണ്ടായിക്കഴിഞ്ഞുവെന്ന് മനസ്സിലാക്കുന്നത് എപ്പോഴാണ്?

16. എം.ടി. യുടെ കുട്ട്യേടത്തി എന്ന കഥയുടെ രചനാപശ്ചാത്തലമെന്ത്?

17. കാത്തിരിപ്പിനൊടുവിൽ മഴ പെയ്തപ്പോൾ, കർഷകൻ അനുഭവിക്കുന്ന ആഹ്ലാദം കവിതാ രൂപത്തിൽ എഴുതുക.

18. 'കളിയച്ഛൻ' എന്ന കവിതയുടെ ഇതിവൃത്തം എന്തെന്നു വിശദീകരിക്കുക.

19. 'അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ' എന്ന കഥ രചിക്കാനിടയായ സാഹചര്യം എം.ടി. വിശദീകരിക്കുന്നതെങ്ങനെ?



St. Xavier's College

20. കഥാകാരൻ നേരിട്ടു കഥ പറയുന്നതുകൊണ്ടുള്ള പ്രയോജനങ്ങളെന്തെല്ലാം?

21. ഉത്തമനാടക കൃതിക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?

22. കലയുടെ ആത്യന്തികലക്ഷ്യമെന്തെന്ന് വിശദീകരിക്കുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഭാഷ അപൂർണ്ണമാണെന്ന കവിവാക്യത്തിന്റെ അർത്ഥതലങ്ങൾ വിശദമാക്കുക.

24. സർഗ്ഗാത്മകത സാർവലൗകികസൗഹൃദം സൃഷ്ടിക്കുന്നു എന്നു പറയാൻ കാരണമെന്ത്?

25. കേരളത്തിലെ ദൃശ്യകലകളുടെ സാഹിത്യ രൂപങ്ങൾ പരിചയപ്പെടുത്തുക.

26. ജലമലിനീകരണം എന്ന വിഷയത്തെ ആസ്പദമാക്കി ഫീച്ചർ തയ്യാറാക്കുക.

27. സാഹിത്യരചനയിൽ പരിശീലനത്തിനു പ്രസക്തിയുണ്ടോ? ചർച്ച ചെയ്യുക.

28. 'ഇരുട്ടിന്റെ ആത്മാവി'ലെ വേലായുധൻ എന്ന കഥാപാത്രത്തെക്കുറിച്ച് എം.ടി. യുടെ മനസ്സിലെ ഓർമ്മച്ചിത്രമെന്ത്?

29. 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥ എം.ടി. യുടെ ജീവിതവുമായി പുലർത്തിയ ബന്ധമെന്തെന്ന് വിശദമാക്കുക.

30. ഏതെങ്കിലും സാമൂഹിക പരിഷ്കരണയത്നത്തെ ഇതിവൃത്തമാക്കി ഒരു ലഘുനാടകം എഴുതുക.

31. തിരക്കഥാരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

**(6 × 4 = 24 Marks)**